**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 23 18.03.13-ലെ മറുപടിയ്ക്ക്

## വകുപ്പ് തലവന്മാരുടെ വിയോജിപ്പ്

ചോദ്യം
ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ). | സംസ്ഥാനത്ത് വകുപ്പ് തലവന്മാരുടെ വിയോജിപ്പ് മന്ത്രിസഭാക്കുറിപ്പിൽ രേഖപ്പെടുത്തണമെന്ന ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം നിർദ്ദേശത്തിന് എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ; | (എ) | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ, എല്ലാ വകുപ്പ് സെക്രട്ടറിമാരുമായുള്ള പ്രതിമാസ മീറ്റിംഗ് നടന്നു വരുന്നുണ്ട്. 04.02.2013-ൽ നടന്ന ചർച്ചയിൽ ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പല നിർദ്ദേശങ്ങളും ചർച്ച ചെയ്തു. കാബിനറ്റ് നോട്ട് തയ്യാറാക്കുന്ന നടപടിക്രമങ്ങളെക്കുറിച്ചും, കാബിനറ്റ് തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനെക്കുറിച്ചും ധനകാര്യ വകുപ്പിനെ കാണിച്ചതിനു ശേഷം ഉത്തരവുകൾ ഇറക്കുന്നതിനെക്കുറിച്ചുമെല്ലാം യോഗം ചർച്ച ചെയ്തു. ഇതിനോടനുബന്ധിച്ചാണ് സെക്രട്ടറിമാരുടെ അഭിപ്രായം (പ്രത്യേകിച്ച് വിയോജനമുള്ള കേസ്സുകളിൽ) ഫയലിൽ തന്നെ കുറിക്കണമെന്നും മന്ത്രിസഭാകുറിപ്പിന്റെ ഭാഗമാക്കണമെന്നും ചർച്ചയിൽ തീരുമാനിച്ചത്. |
| (ബി) | സംസ്ഥാനത്തെ മന്ത്രിമാരുടെ പ്രീതി പിടിച്ചു പറ്റാൻ ചട്ട വിരുദ്ധമെന്ന് ഒറ്റയടിക്ക് തോന്നുന്ന ഇപ്പോഴത്തെ പല പദ്ധതികൾക്കായുള്ള മന്ത്രിസഭാ കുറിപ്പുകളിൽ പോലും വകുപ്പ് തലവന്മാർ വിയോജിപ്പ് രേഖപ്പെടുത്താതെ പദ്ധതിയുടെ ഫയലിൽ വിയോജിപ്പ് രേഖപ്പെടുത്തുന്ന പ്രവണത കൂടുതലായി വരുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഈ പ്രവണത സർക്കാരിന് പലപ്പോഴും സങ്കീർണതകൾ നേരിടുന്നതായി കരുതുന്നുണ്ടോ ; വിശദമാക്കുമോ ? | (സി) | ബാധകമല്ല. |

**സെക്ഷൻ ആഫീസർ**